FIN. B2 2357/18.

# വകുപ്പുതല കണക്കു പരിശോധനാ റിപ്പോർട്ട്, ബ്ലോക്ക് പട്ടികജാതി വികസന ആഫീസ്, നിലമ്പൂർ, മലപ്പുറം ജില്ല.

പരിശോധന തീയതി : 17.05.2017 മുതൽ 20.05.2017 വരെ

പരിശോധന കാലയളവ് : 01.04.2010 മുതൽ 31.03.2013 വരെ

പരിശോധനാ വിഭാഗം : ഫിനാൻസ് ഇ ആഡിറ്റ്

പരിശോധന ടീമിൽ പങ്കെടുത്തവർ :

സീനിയർ സൂപ്രണ്ട് : ശ്രീ.കെ.ദയാനന്ദ

ക്ലാർക്ക് (ഹയർ ഗ്രേഡ്) : ശ്രീ.കെ.കെ.ശ്രീരാജ്

പരിശോധന കാലയളവിലെ ആഫീസ് മേധാവി.

ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ ഗ്രേഡ് - II

1. ശ്രീ.ചന്ദ്രകുമാർ.കെ - 16.01.2010 മുതൽ 26.04.2010 വരെ
2. ശ്രീ.ഷാജി.കെ.കെ - 26.04.2010 മുതൽ 01.01.2011 വരെ
3. ശ്രീ.കെ.രാജഗോപാൽ - 01.01.2011 മുതൽ 18.02.2011 വരെ
4. ശ്രീ.ജി.ഹരിദാസ് - 18.02.2011 മുതൽ 23.06.2011 വരെ
5. ശ്രീ.കെ.രാജഗോപാൽ - 23.06.2011 മുതൽ 24.07.2013 വരെ
6. ശ്രീ.പി.ശ്രീനിവാസൻ - 24.07.2013 മുതൽ 02.06.2015 വരെ
7. ശ്രീമതി.ഗിരിജ.കെ - 02.06.2015 മുതൽ 07.07.2015 വരെ
8. ശ്രീ.മണികണ്ഠൻ.പി - 07.07.2015 മുതൽ 07.01.2016 വരെ
9. ശ്രീമതി.ഗിരിജ.കെ - 07.01.2016 മുതൽ 01.03.2016 വരെ
10. ശ്രീ.ജയകൃഷ്ണൻ.ആർ - 01.03.2016 മുതൽ 17.06.2016 വരെ
11. ശ്രീ.ജിസ്.കെ.ജോസ് - 17.06.2016 മുതൽ 23.06.2016 വരെ
12. ശ്രീ.സതീഷ്കുമാർ.പി.വി - 23.06.2016 മുതൽ 14.11.2016 വരെ
13. ശ്രീ.എസ്.സജീവ് - 14.11.2016 മുതൽ 03.04.2017 വരെ
14. ശ്രീ.എൽദോസ്.എം.പി - 03.04.2017 മുതൽ 25.03.2017 വരെ
15. ശ്രീ.സതീഷ്കുമാർ.കെ - 25.03.2017 മുതൽ തുടരുന്നു.

## ഭാഗം I

I. ആമുഖം :

(എ). അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന :- 01.09.2015 മുതൽ 31.07.2016 വരെയുള്ള കാലയളവിലെ Par.II, III എന്നീ ഖണ്ഡികകൾക്ക് അന്തിമ മറുപടി നൽകി ഫയൽ തീർപ്പാക്കിയതായി കാണുന്നില്ല.

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്
## (നിലവിൽ ശ്രീ.പി.എം.അലി അസ്ഗർ പാഷ ഐ.എ.എസ്)

വിഷയം : പട്ടികജാതി വികസനം - ഉത്തരമേഖല നടത്തറ ഐ.ടി.ഐയിലെ 3KVA UPS ന്റെ ബാറ്ററികൾ ബൈബാക്ക് വ്യവസ്ഥയിൽ മാറ്റി വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

സൂചന :ഉത്തരമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ 23.01.2018 ലെ K1-1669/16 നമ്പർ കത്ത്.

---

**ഉത്തരവ് നമ്പർ :റ്റി3 - 33721/16** **തീയതി: 22.02.2018**

---

പട്ടികജാതി വികസന വകുപ്പിന്റെ ഉത്തരമേഖലയുടെ കീഴിലുള്ള നടത്തറ ഐ.ടി.ഐയിലെ 3KVA UPS ന്റെ 8 ബാറ്ററികൾ റിപ്പയർ ആണെന്നും ആയത് ബൈബാങ്ക് ബാക്ക് വ്യവസ്ഥയിൽ മാറ്റിവാങ്ങുന്നതിനുള്ള അനുമതിക്കായി PWD ഇലക്ട്രോണിക്സ് സെക്ഷൻ തൃശ്ശൂരിന്റെ റിപ്പോർട്ടും ആയതിനുള്ള എസ്റ്റിമേറ്റും സഹിതം ഉത്തരമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ശുപാർശ സമർപ്പിച്ചിരിക്കുന്നു.

ഉത്തരമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടറുടെ ശുപാർശ വിശദമായി പരിശോധിച്ചതിൽ വകുപ്പിന്റെ നടത്തറ ഐ.റ്റി.ഐയിലെ 3KVA UPS ന്റെ ബാറ്ററികൾ (8) എണ്ണം മാറ്റിവാങ്ങേണ്ടത് സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമാണെന്ന് കാണുന്നു. മാത്രമല്ല ടി ബാറ്ററികൾ റിപ്പയർ ചെയ്യുന്നത് അൺ എക്കണോമിക്കൽ ആണെന്നുള്ള PWD ഇലക്ട്രോണിക്സ് സെക്ഷൻ തൃശ്ശൂരിന്റെ റിപ്പോർട്ടും ലഭിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ നടത്തറ ഐ.റ്റി.ഐയിലെ 3KVA UPS ന്റെ 8 ബാറ്ററികൾ ബൈബാക്ക് വ്യവസ്ഥയിൽ മാറ്റി വാങ്ങുന്നതിന് SPR പ്രകാരം നടപടി സ്വീകരിക്കുന്നതിന് ഉത്തരമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഇതിലേക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-277-57-34- OC (P)എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്യാവുന്നതാണ്.

ഉത്തരമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർ SPR പ്രകാരം നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ

ട്രെയിനിംഗ് ഇൻസ്പെക്ടർ
ഉത്തരമേഖല

പകർപ്പ് :
1. ട്രെയിനിംഗ് സൂപ്രണ്ട്, നടത്തറ ഐ.റ്റി.ഐ
2. ഫിൻ എ സെക്ഷൻ
3. പ്ലാനിംഗ് സെക്ഷൻ
4. ട്രെയിനിംഗ് ഓഫീസർ
5. ടെക്നിക്കൽ സെക്ഷൻ സൂപ്രണ്ട്
6. കരുതൽ ഫയൽ/സ്പെയർ

ഡയറക്ടർക്കുവേണ്ടി
ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം)

SU 23.02.2018

(ബി). <u>വകുപ്പുതല കണക്കു പരിശോധന</u> :- 01.04.2005 മുതൽ 31.03.2010 വരെയുള്ള കാലയളവിലെ പരിശോധനാ കുറിപ്പുകൾക്ക് താഴെ പറയും പ്രകാരം മറുപടി നൽകാനുള്ളതായി കാണുന്നു.

1. ഭാഗം 2 ൽ ഖണ്ഡിക I ബി
2. ഭാഗം 2 ൽ ഖണ്ഡിക II സി
3. ഭാഗം 2 ൽ ഖണ്ഡിക XVI

## ഭാഗം II

### ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും

### A. ബിൽബുക്ക് ക്യാഷ്ബുക്ക്

1. ബിൽ നമ്പർ EB/3/12-13 പ്രകാരം 14.05.12 ന് ട്രഷറിയിൽ നിന്നും 20,104/ രൂപ തേർച്ച ചെയ്തതായി കാണുന്നു. അന്നേ ദിവസത്തെ ക്യാഷ്ബുക്കിൽ വരവ് വെച്ചത് 13,690/- രൂപയാണെന്ന് കാണുന്നു. 6,414/ രൂപ കുറച്ചത് ക്യാഷ്ബുക്കിൽ വരവ് വെച്ചിരിക്കുന്നത് വിശദീകരണം നൽകേണ്ടതാണ്.

2. ബിൽ നമ്പർ EPB/36/11-12 പ്രകാരം 15.10.2012 ന് ട്രഷറിയിൽ നിന്നും തേർച്ച ചെയ്ത 3,352/- രൂപ ക്യാഷ്ബുക്കിൽ വരവ് വെച്ചതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

3. ബിൽ നമ്പർ PF/66/12-13 പ്രകാരം 1,28,000/-രൂപ പി.എഫ് അഡ്വാൻസ് മാറി 26.02.13 ലെ ക്യാഷ്ബുക്കിൽ വരവ് വെച്ചതായി കാണുന്നു. എന്നാൽ 26.02.13 ന് ട്രഷറിയിൽ നൽകിയ ബിൽ സബ്ട്രഷറി ഓഫീസർ പാസാക്കിയതായി കാണുന്നില്ല. പിന്നെ എങ്ങനെയാണ് തുക ക്യാഷ്ബുക്കിൽ വരവ് വെച്ചത്. വിശദീകരണം നൽകേണ്ടതാണ്.

4. ബിൽ നമ്പർ 36/ന-12 പ്രകാരം 07.11.2012 ന് ട്രഷറിയിൽ നിന്നും 3,352/- രൂപ തേർച്ച ചെയ്തു. ഈ തുക പട്ടികജാതി വികസന ഓഫീസർ ചാർജ്ജ് അലവൻസായി കൈപ്പറ്റിയതായി കാണുന്നു. ഡയറക്ടറുടെ ഉത്തരവ് വാങ്ങിയിട്ടാണോ ബിൽ മാറിയത്. വിശദീകരണം നൽകേണ്ടതാണ്.

5. ക്യാഷ് ബുക്കിൽ താഴെപറയുന്ന തീയതികളിൽ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയതായി കാണുന്നില്ല.

ഉദാ:

(a) 06.04.2010 മുതൽ 24.04.2010 വരെ
(b) 05.06.2010 മുതൽ 08.06.2010 വരെ
(c) 11.06.2010 മുതൽ 14.06.2010 വരെ
(d) 04.08.2010 മുതൽ 28.08.2010 വരെ

## Appendix - I

## DETAILS OF THE PLAN SCHEME REFERRED TO THE DEPARTMENT LEVEL WORKING GROUP FOR CONSIDERING ADMINISTRATIVE SANCTION

| | | |
|---|---|---|
| 1. | Name of the Administrative Department | Scheduled Caste Development Department |
| 2. | Name of the New Scheme/Continuing Scheme with modifications | New Scheme |
| 3. | Type of the Scheme (State Plan Scheme/CSS/ACA/SCA/EAP | State Plan Scheme |
| 4. | Need/Justification and objective(s) with particular reference to Plan Write up | Posting of apprentices Clerk in 44 ITI's |
| 5. | Details of creation of posts and purchase of vehicles, if any with cost estimates | NA |
| 6. | Various components with Estimates PWD estimate<br>Total Outlay (Rs.In Core) | 52,80,000/- |
| 7. | Funding Pattern and flow of funds (year- wise) | 2017-18 |
| 8. | Duration and Phasing (Year-wise) | 2017-18 |
| 9. | Details of Physical Targets (Year-wise) | NA |
| 10. | Budget provision available with head of account | 40410 lakhs, 2225-01-277-57-34 OC (P) |
| 11 | As issued so far | 20847.73 |
| 12 | Balance available | |
| 13. | Details of Implementing Agency & Monitoring Mechanism (s) | IT North's South Zone |
| 14 | Senior Finance Officer's Remark | |
| 15 | Remarks, if any | |

Sd/-
**Director**

**For Director**
**Senior Finance Officer**

SU 22.02.2018

(e) 02.09.2010 മുതൽ 02.09.2010 വരെ

(f) 01.10.2010 മുതൽ 31.12.2010 വരെ

(g) 25.02.2010 മുതൽ 20.06.2011 വരെ

(h) 26.04.12

(i) 24.06.2013 മുതൽ 30.03.2013 വരെ

6. 28.01.2012 ന് ശേഷം ക്യാഷ്ബുക്കിന്റെ 45 മുതൽ 51 വരെയുള്ള പേജുകൾ ക്യാൻസൽ ചെയ്തതായി കാണുന്നു. വളരെ കൃത്യതയോടും ഉത്തരവാദിത്വത്തോടും കൈകാര്യം ചെയ്യേണ്ട ക്യാഷ്ബുക്ക് ഇത്രയും നിരുത്തരപരമായി കൈകാര്യം ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്.

7. 01.04.2010 മുതൽ 20.06.2011 വരെ ക്യാഷ്ബുക്കിൽ രണ്ടും മൂന്നും ദിവസത്തെ വിവരങ്ങൾ ഒന്നിച്ച് രേഖപ്പെടുത്തിയതായി കാണുന്നു. ഇത് ശരിയായ നടപടി അല്ല. അതാത് ദിവസത്തെ ക്യാഷ്ബുക്ക് എഴുതേണ്ടതിനു പകരം ഇപ്രകാരം ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്.

8. 31.03.2011 ലെ നീക്കിയിരിപ്പ് 14,04,396/- രൂപ ആണെന്ന് കാണുന്നു. Abstract എഴുതിയിട്ടുണ്ട്.

9. 31.03.2012 ലെ നീക്കിയിരിപ്പ് 1,01,24,833/- രൂപ ആണെന്ന് കാണുന്നു. Abstract എഴുതിയിട്ടില്ല. ഇത്രയും ഭീമമായ തുക ഒരു സാമ്പത്തിക വർഷം അവസാനിക്കുന്ന ദിവസം തന്നെ നീക്കിയിരിപ്പ് കാണിക്കുമ്പോൾ Abstract എഴുതാതിരിക്കുന്നത് ശരിയായ നടപടി അല്ല. വിശദീകരണം നൽകേണ്ടതാണ്.

10. 30.03.2013 ക്യാഷ്ബുക്ക് പ്രകാരം 7,93,652/- രൂപ നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു. എന്നാൽ Abstract എഴുതിയതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

11. ബിൽ നമ്പർ EB/3/12/13 പ്രകാരം ട്രഷറിയിൽ നിന്നും തേർച്ച ചെയ്തത് 20,104/- രൂപ ആണെന്ന് കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ വരവ് വെച്ചിരിക്കുന്നത് 13,690/- രൂപ ആണെന്ന് കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

12. ബിൽ നമ്പർ EPB/26/12/13 പ്രകാരം 15.10.2012 ന് ട്രഷറിയിൽ നിന്നും തേർച്ച ചെയ്ത 3,352/- രൂപ ക്യാഷ്ബുക്കിൽ വരവ് വെച്ചിട്ടുണ്ടെങ്കിലും ട്രഷറി ബിൽ ബുക്ക് കോളം നമ്പർ 12, 13 തീയതി രേഖപ്പെടുത്തി ജില്ലാ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

13. ബിൽ നമ്പർ PF/66/12-13 പ്രകാരം നൽകിയ ബിൽ ട്രഷറി ഓഫീസർ Objection നൽകിയിട്ടുണ്ട്. Objection നൽകിയ ബിൽ ക്യാഷ്ബുക്കിൽ 26.02.2013 ന് വരവ് വെച്ചതായി ട്രഷറി ബിൽ ബുക്കിന്റെ 11, 12 കോളത്തിൽ പട്ടികജാതി വികസന

T2- 3794/15

പട്ടികജാതി വികസന ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി 22.02.2018

**വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുന്നതിനുള്ള കുറിപ്പ്**

പട്ടികജാതി വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 44 ഐ.റ്റി.ഐകൾ പ്രവർത്തിക്കുന്നു. DGET യുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഐ.റ്റി.ഐകളിൽ ക്ലാർക്ക് തസ്തികകൾ ആവശ്യമാണെങ്കിലും സ്ഥിരം തസ്തിക അനവദിച്ച് ലഭിക്കുവാൻ കാലതാമസം നേരിടുന്നതിനാൽ 44 ഐ.റ്റി.ഐകളിലും മുൻ വർഷം ഓരോ അപ്രന്റീസ് ക്ലാർക്കുമാരെ G.O.(MS) 69/16/ പജ പവ വിവ തീയതി 26.08.2016 (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) നിയമിച്ചിരുന്നു. ഇപ്രകാരം നിയമിച്ച അപ്രന്റീസ് ക്ലാർക്കുമാരുടെ കാലാവധി ഒരു വർഷമായിരുന്നു. ഇപ്പോൾ നിയമന കാലാവധി കഴിഞ്ഞിരിക്കുന്നു. തുടർന്നും അപ്രന്റീസ് ക്ലാർക്കുമാരെ നിയമിക്കേണ്ടത് ആവശ്യമാണ്. വീണ്ടും നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രൊപ്പോസൽ 20.12.2017 ന് സർക്കാരിലേക്കയച്ചിരുന്നു വെങ്കിലും ആയതിന്മേൽ തീരുമാനമാകാത്തതിനെ തുടർന്ന് വർക്കിംഗ് ഗ്രൂപ്പിൽ പ്രൊപ്പോസൽ സമർപ്പിക്കുവാൻ സർക്കാരിൽ നിന്നും നൽകിയ നിർദ്ദേശമനുസരിച്ചാണ് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളത്. തെരെഞ്ഞെടുക്കപ്പെടേണ്ടവരുടെ വിദ്യാഭ്യാസ യോഗ്യത, സ്റ്റൈപന്റ് നിരക്ക് എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ട്രെയിനികൾക്ക് ബിരുദവും DCA/COPA യും മലയാളം കമ്പ്യൂട്ടറിംഗിലെ അറിവും ഉണ്ടായിരിക്കണം.
2. അപ്രന്റീസ് ക്ലാർക്കിനെ തെരെഞ്ഞെടുക്കുന്നത് ജില്ലാ പട്ടികജാതി വികസന ഓഫീസറും മേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടറും ചേർന്ന കമ്മറ്റിയായിരിക്കണം.
3. നിയമന കാലയളവ് ഒരു വർഷത്തിൽ താഴെയായിരിക്കണം.
4. സ്റ്റൈപന്റ് നിരക്ക് 10000/- per month
5. ഒരു വർഷം വേണ്ടിവരുന്ന തുക 10000*12*44 = 52,80,000/-

(അൻപത്തി രണ്ട് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം)

മേൽ സാഹചര്യത്തിൽ 44 ഐ.റ്റി.ഐകളിൽ പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള ഓരോ അപ്രന്റീസ് ക്ലാർക്കുമാരെ നിയമിക്കുന്നതിനുള്ള അനുമതി ലഭിക്കുകയാണെ ങ്കിൽ ഇതിലേക്കാവശ്യമായ തുക നടപ്പു സാമ്പത്തിക വർഷത്തെ 2225-01-277-57-34 OC (P) Assistance for Education of Sc Students) എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

(ഒപ്പ്)
ഡയറക്ടർ

ഡയറക്ടർക്കു വേണ്ടി
സീനിയർ ഫിനാൻസ് ഓഫീസർ

SU 22.02.2017

ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. Objection ചെയ്ത ബില്ലിന്റെ തുക മാറി കിട്ടിയത് എങ്ങനെയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വിശദീകരണം നൽകേണ്ടതാണ്.

14. ക്യാഷ് ബുക്ക് നമ്പർ 31, 04.08.2010 ലെ Total payment 1,04,693/- രൂപ എന്നതിന് പകരം 1,02,193/- രൂപ എന്ന് ചേർത്ത് കാണുന്നു. 2,500/- രൂപയുടെ കുറവാണ് ക്യാഷ്ബുക്കിൽ വന്നിട്ടുള്ളത്. ക്യാഷ് ബുക്കിലെ നീക്കിയിരിപ്പ് തുക പരിശോധിക്കാതെയാണ് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. ഇത് ഗുരുതരമായ വീഴ്ചയായി കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

B. <u>അക്വിറ്റൻസ്</u>

(a) 04.08.2010 മുതൽ 16.11.2010 വരെ വിക്രണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള തുകകൾ ഒന്നും തന്നെ KTC Vol.I Rule 32 (d) പ്രകാരം പരിശോധിച്ച് സർട്ടിഫിക്കറ്റ് എഴുതി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

C. <u>അക്വിറ്റൻസ് (SC പ്രൊമോട്ടേഴ്സ്)</u>

ആഡിറ്റ് കാലയളവിലെ അക്വിറ്റൻസ് പരിശോധിച്ചതിൽ താഴെ പറയുന്ന ന്യൂനതകൾ കാണുന്നു.

1. Absract എഴുതിയിട്ടില്ല.
2. ബിൽ നമ്പർ ക്യാഷ് തേർച്ച ചെയ്ത തീയതി എഴുതിയിട്ടില്ല.
3. KTC Vol.I Rule 32 (d) സർട്ടിഫിക്റ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4. ബിൽ നമ്പർ CB/20/10-11 പ്രകാരം 04.08.2010 ന് ട്രഷറിയിൽ നിന്നും 25,000/- രൂപ തേർച്ച ചെയ്തതായി കാണുന്നു. അന്നേ ദിവസം തന്നെ ക്യാഷ് ബുക്കിൽ വരവും ചെലവും കാണിച്ചിട്ടുണ്ട്. എന്നാൽ അക്വിറ്റൻസ് പ്രകാരം 04.08.2010 ന് 22,500/- രൂപയും, 12.08.2010 ന് 2,500/- രൂപ പട്ടികജാതി വികസന ഓഫീസർ വിതരണം ചെയ്തതായിട്ടാണ് കാണുന്നത്. 04.08.2010 മുതൽ 12.08.2010 വരെ 2500/- രൂപ പട്ടികജാതി വികസന ഓഫീസറുടെ കൈവശം വെച്ചതായാണ് മനസ്സിലാക്കേണ്ടത്. ഇടപാട് നടത്തുമ്പോൾ ഈ രീതിയിലുള്ള നടപടി ശരിയല്ല. വിശദീകരണം നൽകേണ്ടതാണ്.

D. <u>അക്വിറ്റൻസ് (അപ്രന്റീസ് ക്ലാർക്ക്)</u>

1. KTC.Vol.I Rule 32 (d) പ്രകാരം സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. 30.03.2013 ലെ തുക വിതരണം പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

E. <u>**T.R.5 രസീത് ബുക്ക്**</u>

12.06.2003 ന് ശേഷം T.R.5 രസീത് ബുക്ക് ഉപയോഗിച്ചതായി കാമുന്നില്ല. Receipt No.39 വരെ ഉപയോഗിക്കാവുന്നതാണ്. ഉപയോഗിക്കാത്ത രസീതുൾ czncell ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പൂർണ്ണമായിട്ടും ഉപയോഗിക്കാത്ത

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ., തിരുവനന്തപുരം - 3

Phone No. 0471-2737240, 0471-2737229, 0471-2737232

email – scdirectorate@gmail.com


---

ഡെവ.സി1- 32903/14 തീയതി :21.02.2018

ഡയറക്ടർ

പ്രിൻസിപ്പൽ സെക്രട്ടറി,
പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്)വകുപ്പ്,
ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

സർ,

വിഷയം :- പട്ടികജാതി വികസനം - ചികിത്സാ ധനസഹായം അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. സ.ഉ (സാധാ) നം.1877/2013/പജ പവ വിവ തീയതി:20.12.2013.
2. സ.ഉ (സാധാ) നം.1878/2013/പജ പവ വിവ തീയതി:20.12.2013.
3. ഈ ഓഫീസിലെ 08.06.2015 ലെ ഇതേ നമ്പർ കത്ത്.

**********

സൂചനയിലേയ്ക്ക് ശ്രദ്ധ സദയം ക്ഷണിയ്ക്കുന്നു. ശ്രീ. നായാടി, S/o നാഗൻ, കുറ്റിക്കാട്ടിൽ വീട്, തേഞ്ഞിപ്പാലം പി.ഒ, തിരൂരങ്ങാടി എന്ന കക്ഷിയുടെ മകന്റെ ചികിത്സയ്ക്കായി സൂചന (1) ഉത്തരവ് പ്രകാരം 20,000/- രൂപ അനുവദിക്കുകയും ടി തുക 24.04.2014 ന് വിതരണം നടത്തുകയും ടി തുകയ്ക്ക് പുറമേ സൂചന (2) ഉത്തരവ് പ്രകാരം 50,000/- രൂപയും അനുവദിച്ചിരുന്നു. മലപ്പുറം ജില്ലാ പട്ടികജാതി വികസന ആഫീസറുടെ റിപ്പോർട്ട് പ്രകാരം ടിയാന്റെ മകന് ജന്മനാരോഗമുള്ളതായും 6 വർഷത്തോളമായി ചികിത്സ തുടരുന്നതായും എന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം അനുവദിച്ച 50,000/- രൂപയിൽ 30,000/- രൂപ കൂടി വിതരണം ചെയ്യുന്നതിന് ഈ ഓഫീസിൽ നിന്നും മലപ്പുറം ജില്ലാ പട്ടികജാതി ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു.

ചികിത്സാ ധനസഹായമായി 50,000/- രൂപ വരെ രോഗിക്ക് നേരിട്ട് നൽകുന്നതിനാണ് ഉത്തരവ് ഉള്ളത്. ആയതിനാൽ ശേഷിക്കുന്ന തുകയായ 20,000/- രൂപ ടിയാന് നേരിട്ട് നൽകാവുന്നതാണോ എന്ന വിഷയത്തിൽ സ്പഷ്ടീകരണം നൽകുന്നതിനായി സൂചന (3) പ്രകാരം ഈ ആഫീസിൽ നിന്നും അഭ്യർത്ഥിച്ചിരുന്നു. ആയതിന്മേൽ സർക്കാർ തലത്തിൽ ഉത്തരവ് ആയിട്ടുണ്ടെങ്കിൽ ആയതിന്റെ ഒരു പകർപ്പ് അയച്ചു നൽകുന്നതിനഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ഡയറക്ടർക്കുവേണ്ടി
ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം).

AR(IV)

രസീതുകൾ G.O (P) No.213/2013/Fin dated 09.05.2013 എന്ന സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ള പ്രകാരം നശിപ്പിച്ച് കളയേണ്ടതും അക്കാര്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തൽ വരുത്തേണ്ടതുമാണ്. തുടർന്നും T.R.5 രസീതുകൾ ആവശ്യമുണ്ടങ്കിൽ centralized numbering system അനുസരിച്ചുള്ള T.R.5 രസീതുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത ശേഷം ഉപയോഗിക്കേണ്ടതാണ്.

F. **ചെലാൻ ഫയൽ** :-

1. 2007-08 സാമ്പത്തിക വർഷം അനുവദിച്ച ഹൗസിംഗ് ഗ്രാന്റിന്റെ III[rd] Instalmeny (സതേജിനി) 09.04.2010 തീയതിയിൽ 210 -ാം നമ്പർ ചെലാൻ പ്രകാരം 27,760/- രൂപ തിരിച്ചടതായി കാണുന്നു. ടി തുക അന്നേ ദിവസത്തെ ക്യാഷ്ബുക്കിൽ ചേർത്തതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

2. 2007-08 സാമ്പത്തികവർഷം അനുവദിച്ച ഹൗസിംഗ് ഗ്രാന്റിന്റെ II[nd] Instalment (പുഷ്പ) 09.04.2010 തീയതിയിൽ 211-ാം നമ്പർ ചെലാൻ പ്രകാരം 20,794/- രൂപ തിരിച്ചടച്ചതായി കാണുന്നു. ടി തുക അന്നേ ദിവസത്തെ ക്യാഷ് ബുക്കിൽ ചേർത്തതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം II

**രജിസ്റ്ററുകൾ**

A. ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

എഴുതി സൂക്ഷിച്ചിട്ടുണ്ട്. പ്രത്യേക പരാമർശം ഇല്ല.

B. ഡി.ഡി.രജിസ്റ്റർ

പരിപാലിച്ചിട്ടില്ല.

C. സി.ആർ.ഡി.ആർ

പരിപാലിച്ചിട്ടില്ല.

D. ഇൻകമ്പൻസ് രജിസ്റ്റർ

എഴുതി സൂക്ഷിച്ചിട്ടുണ്ട്.

E. പേബിൽ രജിസ്റ്റർ

(a) ശ്രീമതി.ശ്രീലത.ആർ.പി, ലോവർ ഡിവിഷൻ ക്ലാർക്കിന്റെ ശമ്പള വിവരം സംബന്ധിച്ച വിവരങ്ങൾ 2012 മെയ് മാസം വരെയെ നടത്തിയിട്ടുള്ളൂ.

(b) ശ്രീമതി.ശ്രീലതയെ വിടുതൽ ചെയ്തതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി ചേർത്തതായി കാണുന്നില്ല. കൂടാതെ ലോവർ ഡിവിഷൻ ക്ലാർക്കിന്റെ പകർപ്പ് രജിസ്റ്ററിൽ സൂക്ഷിച്ചിട്ടില്ല.

## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്
## (നിലവിൽ ശ്രീ.പി.എം.അലി അസ്ഗർ പാഷ ഐ.എ.എസ്)

വിഷയം : പട്ടികജാതി വികസനം - ഉത്തരമേഖല നടത്തറ ഐ.ടി.ഐയിലെ 3KVA UPS ന്റെ ബാറ്ററികൾ ബൈബാങ്ക് വ്യവസ്ഥയിൽ മാറ്റി വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

സൂചന :ഉത്തരമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ 23.01.2018 ലെ K1-1669/16 നമ്പർ കത്ത്.

---

**ഉത്തരവ് നമ്പർ :റ്റി3 - 33721/16** **തീയതി: 22.02.2018**

---

പട്ടികജാതി വികസന വകുപ്പിന്റെ ഉത്തരമേഖലയുടെ കീഴിലുള്ള നടത്തറ ഐ.ടി.ഐയിലെ 3KVA UPS ന്റെ 8 ബാറ്ററികൾ റിപ്പയർ ആണെന്നും ആയത് ബൈബാങ്ക് വ്യവസ്ഥയിൽ മാറ്റിവാങ്ങുന്നതിനുള്ള അനുമതിക്കായി PWD ഇലക്ട്രോണിക്സ് സെക്ഷൻ തൃശ്ശൂരിന്റെ റിപ്പോർട്ടും ആയതിനുള്ള എസ്റ്റിമേറ്റും സഹിതം ഉത്തരമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ശുപാർശ സമർപ്പിച്ചിരിക്കുന്നു.

ഉത്തരമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടറുട ശുപാർശ വിശദമായി പരിശോധിച്ചതിൽ വകുപ്പിന്റെ നടത്തറ ഐ.റ്റി.ഐയിലെ 3KVA UPS ന്റെ ബാറ്ററികൾ (8) എണ്ണം മാറ്റിവാങ്ങേണ്ടത് സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമാണെന്ന് കാണുന്നു. മാത്രമല്ല ടി ബാറ്ററികൾ റിപ്പയർ ചെയ്യുന്നത് അൺ എക്കണോമിക്കൽ ആണെന്നുള്ള PWD ഇലക്ട്രോണിക്സ് സെക്ഷൻ തൃശ്ശൂരിന്റെ റിപ്പോർട്ടും ലഭിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ നടത്തറ ഐ.റ്റി.ഐയിലെ 3KVA UPS ന്റെ 8 ബാറ്ററികൾ ബൈബങ്ക് വ്യവസ്ഥയിൽ മാറ്റി വാങ്ങുന്നതിന് SPR പ്രകാരം നടപടി സ്വീകരിക്കുന്നതിന് ഉത്തരമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഇതിലേക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-277-57-34- OC (P)എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്യാവുന്നതാണ്.

ഉത്തരമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർ SPR പ്രകാരം നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ

ട്രെയിനിംഗ് ഇൻസ്പെക്ടർ
ഉത്തരമേഖല

പകർപ്പ് :
1. ട്രെയിനിംഗ് സൂപ്രണ്ട്, നടത്തറ ഐ.റ്റി.ഐ
2. ഫിൻ എ സെക്ഷൻ
3. പ്ലാനിംഗ് സെക്ഷൻ
4. ട്രെയിനിംഗ് ഓഫീസർ
5. ടെക്നിക്കൽ സെക്ഷൻ സൂപ്രണ്ട്
6. കരുതൽ ഫയൽ/സ്പെയർ

ഡയറക്ടർക്കുവേണ്ടി
ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം)

SU 23.02.2018

F. കണ്ടിൻജന്റ് രജിസ്റ്റർ

യഥാർത്ഥ രജിസ്റ്ററിൽ അല്ല രേഖപ്പെടുത്തി വരുന്നത്. സറണ്ടർ വിവരം എഴുതി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.

G. അലോട്ട്മെന്റ് രജിസ്റ്റർ

ശരിയായ രീതിയിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

H. **T.R.5 സ്റ്റോക്ക് രജിസ്റ്റർ**

പരിപാലിച്ചിട്ടില്ല.

## ഭാഗം IV

I. വിദ്യാഭ്യാസ പരിപാടികൾ.

A. ലംപ്സം ഗ്രാന്റ്

1. 10.05.2012 ന് പ്രിൻസിപ്പാൾ GMVHSS, നിലമ്പൂർ നിന്നും 58,500/- രൂപ വാങ്ങി ക്യാഷ്ബുക്കിൽ വരവ് വെയ്ക്കുകയും ടി തുക അന്നേദിവസം തന്നെ (10.05.12 ന്) ഹെഡ്മാസ്റ്റർ GMVHSS ന് മാറി നൽകിയതായി കാണുന്നു. പണം ഇടപാട് നടത്തുമ്പോൾ ഈ രീതിലുള്ള നടപടി ശരിയല്ല. വിശദീകരണം നൽകേണ്ടതാണ്.
2. ലംപ്സംഗ്രാന്റ് വിതരണം സംബന്ധിച്ച് ക്യാഷ് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയ താഴെ പറയുന്ന രസീതുകളുടെ കൈപ്പറ്റു രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| | തീയതി | തുക |
|---|---|---|
| (a) | 03.07.2010 | - 3220/- |
| (b) | 07.07.2010 | - 8845/ |
| (c) | 07.07.2010 | - 475/- |

3. ബിൽ നം. CB/5/10 - 11 പ്രകാരം ലംപ്സംഗ്രാന്റ് ഇനത്തിൽ 15,03,500/- രൂപ ട്രഷറി ബിൽ പ്രകാരം തേർച്ച ചെയ്ത് ക്യാഷ് ബുക്കിൽ വരവ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം 15,03,470/- രൂപ വിതരണം ചെയ്തതായി കാണുന്നു. ശേഷിച്ച 30/- രൂപ വിതരണം ചെയ്തതായിട്ടോ തിരിച്ചടച്ചതായിട്ടോ രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.
4. ബിൽ നം. CB/6/10 - 11 പ്രാകരം 1,34,195/- രൂപ 31.05.2010 ൽ ട്രഷറിയിൽ നിന്ന് തേർച്ച ചെയ്ത് രജിസ്റ്റർ പ്രകാരം 1,34,140/- രൂപ വിതരണം ചെയ്തതായി

**പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ., തിരുവനന്തപുരം - 3
Phone No. 0471-2737240, 0471-2737222, 0471-2737256
email – sc.directorate@gmail.com

---

**വളരെ അടിയന്തിരം**

റ്റി1-4194/18 തീയതി : 24.02.2018.

ഡയറക്ടർ,

ഐ.റ്റി.ഐ സൂപ്രണ്ട്, / ജില്ലാ പട്ടികജാതി വികസന ആഫീസർ,
കുറവങ്ങാട് / കോഴിക്കോട്

സർ,

വിഷയം :- പട്ടികജാതി വികസനം - കുറവങ്ങാട് ഐ.റ്റി.ഐ - കെട്ടിട നിർമ്മാണം - പ്രോഗ്രസ് റിപ്പോർട്ട് ലഭ്യമാക്കേണ്ടത് - സംബന്ധിച്ച്.

സൂചന :- 1. ഈ ആഫീസിലെ 27.10.15 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
2. കെ.എസ്.സി.സി മാനേജിംഗ് ഡയറക്ടറുടെ 08.02.18 തീയതിയിലെ CC/GM/EKM/312/010/Vol. II/078 നമ്പർ കത്ത്.

**********

സൂചനയിലേക്ക് താങ്കളുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. കുറവങ്ങാട് ഐ.ടി.ഐ -യിൽ പുതിയ കെട്ടിട നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് സൂചന (1) പ്രകാരം അനുവദിച്ച തുകയിൽ നിന്നും IInd Part Bill തുകയായ 53,44,585/- രൂപ അനുവദിക്കേണ്ടതിനായി കെ.എസ്.സി.സി സൂചന (2) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ സൂചന (1) പ്രകാരമുള്ള പ്രവൃത്തിയുടെ വ്യക്തവും വിശദവുമായ റിപ്പോർട്ട് ശുപാർശ സഹിതം തുടർ നടപടികൾക്കായി മടക്കത്തപാലിൽ ലഭ്യമാക്കുവാൻ താൽപര്യപ്പെടുന്നു. സൂചന കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)
ഡയറക്ടർക്കു വേണ്ടി
ട്രെയിനിംഗ് ഓഫീസർ.

ആജ്ഞാനുസരണം,

സൂപ്രണ്ട്.

S 24.02.18

കാണുന്നു. ശേഷിച്ച 55/- രൂപ വിതരണം ചെയ്തതായോ, തിരിച്ചടച്ചതായോ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല.

5. ബിൽ നം. CB/1/11 - 12 പ്രകാരം 14,33,910/- രൂപ 06.06.2011 ന് ട്രഷറിയിൽ നിന്ന് തേർച്ച ചെയ്ത് രജിസ്റ്റർ പ്രകാരം 13,31,910/- രൂപ വിതരണം ചെയ്തതായി കാണുന്നു. ശേഷിച്ച 1,02,000/- രൂപ വിതരണം ചെയ്തതായോ, തിരിച്ചടച്ചതായോ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല.
6. ബിൽ നം. CB/2/11 - 12 പ്രകാരം 1,32,850/- രൂപ 06.06.2011 ന് ട്രഷറിയിൽ നിന്നും തേർച്ച ചെയ്ത് രജിസ്റ്റർ പ്രകാരം 1,25,350/- രൂപ വിതരണം ചെയ്തതായി കാണുന്നു. ശേഷിച്ച 7,500/- രൂപ വിതരണം ചെയ്തതായോ, തിരിച്ചടച്ചതായോ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. കൂടാതെ തുക വിതരണം സംബന്ധിച്ച് Abstract എഴുതി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
7. ക്യാഷ്ബുക്ക് പ്രകാരം 22.06.2011 ന് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള 98,600/- രൂപ (SC), 6,500/- രൂപ (OEC) എന്നീ തുകയുടെ കൈപ്പറ്റ് രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
8. ബിൽ നം. CB/6/12 - 13 പ്രകാരം ലംപ്സംഗ്രാന്റ് ഇനത്തിൽ 2,25,500/- രൂപ ട്രഷറിയിൽ നിന്നും തേർച്ച ചെയ്തതിൽ വിതരണം നടത്തി അവശേഷിച്ച 1,500/- രൂപ 245-ാം നമ്പർ ചെലാൻ പ്രകാരം 13.07.12 ന് നിലമ്പൂർ സബ്ട്രഷറിയിൽ തിരിച്ചടച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലാൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
9. തുക മാറിയ വിവരങ്ങൾ ലംപ്സംഗ്രാന്റ് രജിസ്റ്ററിൽ ചേർക്കാറില്ലെന്നു കാണുന്നു. ഉദാ: Page No. 34,35 കൂടാതെ Abstract ഉം എഴുതി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.
10. 2010-11 വർഷം മുതൽ 2012-13 വരെ എസ്.സി വിദ്യാർത്ഥികൾക്കായി ലംപ്സംഗ്രാന്റ് വിതരണം നടത്തിയതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | വിദ്യാർത്ഥികളുടെ എണ്ണം | സ്കൂളുകളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|---|
| 1 | 2010-11 | 5680 | 120 | 1534740 | 1534740 | Nil |
| 2 | 2011- 12 | 5821 | 120 | 1476825 | 1476825 | Nil |
| 3 | 2012-13 | 277 | 74 | 47810 | 47810 | Nil |

**പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ., തിരുവനന്തപുരം - 3
Phone No. 0471-2737240, 0471-2737229, 0471-2737232
email – scdirectorate@gmail.com

നിയമസഭാചോദ്യം നമ്പർ - 624

ഡെവ.ഡി1-4277/18

തീയതി : 23.02.2018.

ഡയറക്ടർ

പ്രിൻസിപ്പൽ സെക്രട്ടറി,
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്,
ഗവ.സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം :- പട്ടികജാതിവികസനം - നിയമസഭാചോദ്യം - മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- നിയമസഭ ചോദ്യം നമ്പർ-624.

*************

സൂചന പ്രകാരം ലഭ്യമായ നിയമസഭാ ചോദ്യത്തിനുള്ള മറുപടി ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | അംബേദ്ക്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയ നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലുള്ള ആണ്ടികൊളമ്പ് കോളനിയുടെ പ്രവൃത്തികൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ ? | നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലുള്ള ആണ്ടികൊളമ്പ് കോളനി സ്വയം പര്യാപ്തഗ്രാമം പദ്ധതി പ്രകാരമാണ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. ആയതിന്റെ രണ്ടാം ഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്നാണ് തുടങ്ങിയതെന്നും നാളിതുവരെ എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്നും വിശദമാക്കുമോ? | പ്രസ്തുത പ്രവൃത്തികൾ 13.04.15 -നാണ് ആരംഭിച്ചത്. പൂർത്തീകരിച്ച പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. റോഡ് കോൺക്രീറ്റിംഗ്<br>2. അരിക് ഭിത്തി നിർമ്മാണം<br>3. ഡ്രെയിനേജ്<br>4. വായനാശാല നവീകരണം |

11. 2010- 11 വർഷം മുതൽ 2012-13 വരെ ഒ.ഇ.സി വിദ്യാർത്ഥികൾക്കായി ലംപ്സം ഗ്രാന്റ് വിതരണം ചെയ്തതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | സ്കൂളുകളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|---|
| 1 | 2010-11 | 120 | 468 | 134195 | 134195 | Nil |
| 2 | 2011- 12 | 120 | 482 | 132850 | 132850 | Nil |
| 3 | 2012-13 | 74 | 277 | 47810 | 47810 | Nil |

B. **അൺഎയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീഇംബേഴ്സ്മെന്റ്.**

2010-11 സാമ്പത്തിക വർഷം മുതൽ 2012-13 വരെ തുക ചെലവഴിച്ചതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

C. **ശ്രീ.അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്**

(a) ശ്രീ.അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് പ്രകാരം 2010-11 സാമ്പത്തിക വർഷം മുതൽ 2012-13 വർഷം വരെ ചെലവഴിച്ചതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | മുൻവർഷത്തെ വിദ്യാർത്ഥികൾ | പുതിയ വർഷത്തെ വിദ്യാർത്ഥികൾ | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|---|
| 1 | 2010-11 | 4 | 2 | 15750 | 15750 | Nil |
| 2 | 2011- 12 | Nil | Nil | Nil | Nil | Nil |
| 3 | 2012-13 | Nil | Nil | Nil | Nil | Nil |

(b) 2011-12 മുതൽ 13-13 വരെ ആനുകൂല്യം നൽകിയതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

D. പ്രത്യേക പ്രോത്സാഹന സമ്മാനം

2010- 11 സാമ്പത്തിക വർഷം മുതൽ 2012-13 വരെ പ്രത്യേക പ്രോത്സാഹന സമ്മാനം നൽകിയതിന്റെ പുരോഗതി ചുവടെ ചേർക്കുന്നു.

# സ്റ്റേറ്റ്മെന്റ്

| ക്രമ നം. | ആവശ്യങ്ങൾ | നിലവിൽ നൽകിവരുന്ന തുക | വർദ്ധിപ്പിക്കാൻ ശുപാർശ ചെയ്യുന്ന തുക/ പുതുതായി ആവശ്യപ്പെടുന്ന തുക |
|---|---|---|---|
| 1 | എഡിറ്ററുടെ ഹോണറേറിയം | 15000 x12=1,80,000 | 25000 x12=3,00,000 |
| 2 | സബ് എഡിറ്ററുടെ ഹോണറേറിയം | നിലവിൽ ഇല്ല | 15000 x12=1,80,000 |
| 3 | മാഗസിനിൽ പ്രസിദ്ധീകരിക്കുന്ന കൃതികൾക്ക് നൽകി വരുന്ന പ്രതിഫല തുക (ശരാശരി ഓരോ ലക്കവും 3 കവിതകളും 12 -ൽ പരം കഥ/ലേഖനം എന്നിവ മാഗസിനിൽ ഉൾപ്പെടുന്നുണ്ട്. | ലേഖനങ്ങൾ/കഥ - 1000<br>കവിത - 750<br>കാർട്ടൂൺ - 750 | 2500 x12 x6 = 1,80,000<br>2000 x3 x6 = 36,000<br>2000 x1 x6 = 12,000<br>----------<br>സബ് ടോട്ടൽ 2,28,000 |
| 4 | ലേഖന പരമ്പര തയ്യാറാക്കൽ, റിപ്പോർട്ടിംഗ്, അഭിമുഖം എന്നിവയ്ക്ക് ജില്ലയ്ക്ക് അകത്തോ പുറത്തോ പോകുന്നതിന് യാത്രാ ബത്ത (യാത്ര നടത്തുന്ന ലക്കത്തിനു മാത്രം) | നിലവിൽ നൽകി വരുന്നില്ല | 5000 x6=30,000 |
| 5 | അത്യാധുനിക സജ്ജീകരണങ്ങളോടു കൂടിയ ഒരു മൊബൈൽ ഫോൺ | നിലവിൽ ഇല്ല | 30,000 |
| | | ആകെ തുക | 7,68,000 |

(ഒപ്പ്)
ഡയറക്ടർ

ഡയറക്ടർക്കുവേണ്ടി
ജോയിന്റ് ഡയറക്ടർ(വികസനം).

| ക്രമ നം. | വർഷം | മുൻവർഷത്തെ വിദ്യാർത്ഥികളുടെ എണ്ണം | | | | | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|---|---|---|---|
| | | S.S.L.C | +2 | TTC | Diploma | Degree | | | |
| 1 | 2010-11 | 20 | 3 | -- | 1 | 1 | 31,250/- | 31,250/- | Nil |
| 2 | 2011-12 | 29 | 12 | -- | -- | -- | 25,000/- | 25,000/- | Nil |
| 3 | 2012-13 | 22 | 11 | -- | 1 | -- | 40,250/- | 40,250/- | Nil |

E. **പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം**

1. രജിസ്റ്ററിൽ പേജ് നമ്പർ രേഖപ്പെടുത്തി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. SL.No. 07. HIYOSH.C, 5548/- രൂപ Co.operative College തുക കൈപ്പറ്റിയതായി കാണുന്നില്ല.
3. SL.No.17, Suresh Babu.K, Phiniex College Kalikavu. 5,070/- രൂപ കൈപ്പറ്റിയതായി കാണുന്നില്ല.
4. ബിൽ നം. CB/18/10-11 പ്രകാരം 29.02.2010 ന് ട്രഷറിയിൽ നിന്നും തേർച്ച ചെയ്ത് 17,517/- രൂപ 04.08.2010 മുതലാണ് വിതരണം നടത്തിയത് ഏകദേശം 5 മാസത്തോളം ഈ ക്യാഷ് കൈവശം വെച്ചതിന് ശേഷമാണ് വിതരണം നടത്തിയിരിക്കുന്നത്. ഇത് ഗുരുതരമായ വീഴ്ചയായി കാണുന്നു.

   വിവിധ തീയതികളിലായി 1,65,734/- രൂപ വിതരണം നടത്തിയതായി കാണുന്നു. ബാലൻസ് തുകയായ 9,983/ രൂപ വിതരണം ചെയ്തതായോ തിരിച്ചടച്ചതായോ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല.
5. ബിൽ നം. CB/10/11-12 പ്രകാരം 21.07.2011 ന് തേർച്ച ചെയ്ത 5,240/- രൂപയിൽ 4,671/- രൂപ വിതരണം ചെയ്തതായി കാണുന്നു. ബാലൻസ് വന്ന 1,215/- രൂപ 17.11.2011 ന് 134-ാം നമ്പർ ചെലാൻ പ്രകാരം നിലമ്പൂർ സബ്ട്രഷറിയിൽ തിരിച്ചടച്ചതായി പറയുന്നുണ്ടെങ്കിലും ചെലാൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
6. ബിൽ നം. CB/59/11-12 പ്രകാരം 31.03.2012 ന് തേർച്ച ചെയ്ത 57,533/- രൂപയിൽ വിവിധ തീയതികളിലായി വിതരണം ചെയ്ത തുകയിൽ (18.04.2012 ന് 38,265/- രൂപയും, 19.04.2012 ന് 11,009/- രൂപയും, 20.04.2012 ന് 5,600/- രൂപയും) അവശേഷിച്ച 2,659/- രൂപ 30.04.2012 ന് 102-ാം നമ്പർ ചെലാൻ പ്രകാരം നിലമ്പൂർ സബ്ട്രഷറിയിൽ തിരിച്ചടച്ചതായി പറയുന്നുണ്ടെങ്കിലും ചെലാൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

# മിനിട്ട്സ്

06.12.2017 -ൽ ബഹു. ഡയറക്ടറുടെ ചേമ്പറിൽ കൂടിയ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പ്രസിദ്ധീകരണമായ പടവുകൾ മാസികയുടെ എഡിറ്റോറിയൽ ബോർഡ് മീറ്റിംഗ് മിനിട്ട്സ്

**യോഗത്തിൽ പങ്കെടുത്തവർ**

1) ശ്രീ. അലി അസ്ഗർ പാഷ
(ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്/ചീഫ് എഡിറ്റർ, പടവുകൾ

2) ശ്രീ. എം. എൻ. ദിവാകരൻ
അഡീഷണൽ ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്

3) ശ്രീ. ഇബ്രാഹിം. പി
ജോയിന്റ് ഡയറക്ടർ (വികസനം) പട്ടികജാതി വികസന വകുപ്പ്

4) എസ്. എൻ. നന്ദകുമാർ
ചീഫ് പബ്ലിസിറ്റി ഓഫീസർ/മാനേജർ

5) ശ്രീ. ജയപ്രകാശ്. ആർ
ക്ലാർക്ക് (ചീഫ് പബ്ലിസിറ്റി ആഫീസ്) പട്ടികജാതി വികസന വകുപ്പ്

6) ശ്രീമതി. സമീറ എ. എസ്
ജൂനിയർ സൂപ്രണ്ട് (വികസനം) പട്ടികജാതി വികസന വകുപ്പ്

7) ശ്രീ. ജെ. എൻ. ബാബു
എഡിറ്റർ, പടവുകൾ, പട്ടികജാതി വികസന വകുപ്പ്

7. ബിൽ നം. CB/7/12-13 പ്രകാരം 11.06.2012 ന് ട്രഷറിയിൽ നിന്നും തേർച്ച ചെയ്ത 6,30,116/- രൂപയിൽ വിതരണം നടത്തിയ രജിസ്റ്റർ പ്രകാരം SL.No.03.Vaisakh.U. 5,095/- രൂപ കൈപ്പറ്റിയതായി കാണുന്നില്ല. 111 വിദ്യാർത്ഥികൾക്ക് തുക വിതരണം നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പട്ടികജാതി വികസന ഓഫീസർ വിതരണം ചെയ്ത തുക തീയതി രേഖപ്പെടുത്തി ഇനിഷ്യൽ ചെയ്തിട്ടില്ല. ഏത് മാസത്തെ തുകയാണ് മാറി നൽകുന്നതെന്നും രേഖപ്പെടുത്തി കാണുന്നില്ല.

8. ബിൽ നം. CB/7/12-13 പ്രകാരം മാറിയ തുകയിൽ വിതരണം നടത്തിയതിൽ അവശേഷിച്ച 13,642/- രൂപ 27.08.2012 ന് നിലമ്പൂർ സബ്ട്രഷറിയിൽ 2155-ാം നമ്പർ ചെലാൻ പ്രകാരം തിരിച്ചടച്ചതായി പറയുന്നുണ്ടെങ്കിലും ചെലാൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

9. ബിൽ നം. CB/18/12-13 പ്രകാരം 08.08.2012 ന് ട്രഷറിയിൽ നിന്നും തേർച്ച ചെയ്ത 35,823/- രൂപയിൽ വിതരണം നടത്തിയതിൽ അവശേഷിച്ച 3,423/- രൂപ 06.09.2012 ന് നിലമ്പൂർ സബ്ട്രഷറിയിൽ 436-ാം നമ്പർ ചെലാൻ പ്രകാരം തിരിച്ചടച്ചതായി പറയുന്നുണ്ടെങ്കിലും ചെലാൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

10. ബിൽ നം. 19/12-13 പ്രകാരം 13.08.2012 ന് ട്രഷറിയിൽ നിന്നും തേർച്ച ചെയ്ത 16,855/- രൂപ 9 വിദ്യാർത്ഥികൾക്കായി വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിതരണം നടത്തിയ തുക തീയതി വെച്ച് പട്ടികജാതി വികസന ഓഫീസർ ഇനിഷ്യൽ ചെയ്തിട്ടില്ല.

11. 10.10.2012 ന് ട്രഷറിയിൽ നിന്നും തേർച്ച ചെയ്ത 56,700/- രൂപ വിതരണം ചെയ്തിട്ടുണ്ടെങ്കിലും തീയതി വെച്ച് പട്ടികജാതി വികസന ഓഫീസർ ഇനിഷ്യൽ ചെയ്തിട്ടില്ല. രജിസ്റ്ററിൽ ബിൽ നമ്പറും രേഖപ്പെടുത്തിയിട്ടില്ല. വിതരണം നടത്തിയ തുകയിൽ അവശേഷിച്ച 5,670/- രൂപ 19.11.2012 ന് നിലമ്പൂർ സബ്ട്രഷറിയിൽ 1128-ാം നമ്പർ ചെലാൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

12. 17.10.2012 ന് ട്രഷറിയിൽ നിന്നും തേർച്ച ചെയ്ത 5,004/- രൂപ 14 വിദ്യാർത്ഥികൾക്കായി വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിതരണം നടത്തിയ തുക തീയതി വെച്ച് പട്ടികജാതി വികസന ഓഫീസർ ഇനിഷ്യൽ ചെയ്തിട്ടില്ല. രജിസ്റ്ററിൽ ബിൽ നമ്പറും രേഖപ്പെടുത്തിയിട്ടില്ല.

13. ബിൽ നം. 50/12-13 പ്രകാരം 12.02.2012 ന് ട്രഷറിയിൽ നിന്നും തേർച്ചചെയ്ത 5,004/- രൂപ ഒരു വിദ്യാർത്ഥികൾക്കായി നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏത് രീതിയിലാണ് തുക നൽകിയതെന്ന് പട്ടികജാതി വികസന ഓഫീസർ തീയതി വെച്ച് ഇനിഷ്യൽ ചെയ്തിട്ടില്ല.

14. ബിൽ നം. CB/57/12-13 പ്രകാരം 25.01.2013 ന് ട്രഷറിയിൽ നിന്നും തേർച്ച 5,215/- രൂപ ഒരു വിദ്യാർത്ഥിക്കായി നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏത് തീയതി യിലാണ് തുക നൽകിയതെന്ന് പട്ടികജാതി വികസന ഓഫീസർ തീയതി വെച്ച് ഇനിഷ്യൽ ചെയ്തിട്ടില്ല. വിദ്യാർത്ഥി ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തീയതി രേഖപ്പെടുത്തിയിട്ടില്ല.

15. പാരലൽ കോളേജ് പഠനത്തിനായി 2010-11 സാമ്പത്തിക വർഷം മുതൽ 2012-13 സാമ്പത്തിക വർഷം വരെ ചെലവഴിച്ചതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|---|
| 1 | 2010-11 | 2 | 124 | 649650/- | 649650/- | Nil |
| 2 | 2011- 12 | 2 | 129 | 727308/- | 727308/- | Nil |
| 3 | 2012-13 | 2 | 166 | 813520/- | 813520 | Nil |

**ജനറൽ ഗവ: ഐ.ടി.ഐ സ്റ്റൈപന്റ് രജിസ്റ്റർ**

രജിസ്റ്റർ പ്രകാരം തുക കൈപ്പറ്റുന്ന തീയതി വെട്ട് കാണുന്നില്ല. തുക മാറിയ വിവരവും രജിസ്റ്ററിൽ ചേർത്ത് കാണുന്നില്ല.

## ഭാഗം V

**സാമ്പത്തിക വികസന പദ്ധതികൾ**

1. **സ്വയം തൊഴിൽ പദ്ധതി**

രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. **സ്വയം പര്യാപ്ത ഗ്രാമങ്ങൾ**

സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ ജവഹർ കോളനിയെ 2012 ലാണ് തെരെഞ്ഞെടുത്തിട്ടുള്ളത്. ഗവ: ഏജൻസിയായ സിഡ്കോ ആണ് പദ്ധതി നടപ്പിലാക്കുന്നത്. താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

1. നഴ്സറി സ്കൂൾ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ഇതിന്റെ വാർപ്പ് പണി കഴിഞ്ഞെന്നാണ് പട്ടികജാതി വികസന ഓഫീസറിൽ നിന്നും അറിയാൻ കഴിഞ്ഞത്.

2. കുടിവെള്ള പദ്ധതി:-

കുടിവെള്ള പദ്ധതി ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്.

3. ഗ്രൗണ്ട് സംരക്ഷണം:-

പണി തുടങ്ങിയിട്ടില്ലെന്നാണ് അറിയാൻ കഴിയുന്നത്.

## ഭാഗം. VI

### സാമൂഹ്യ ക്ഷേമ പരിപാടികൾ

### A. വിവാഹ ധനസഹായം.

1. ബിൽ നം. CB/62/11-12 പ്രകാരം 31.03.2012 ന് ട്രഷറിയിൽ നിന്നും തേർച്ച ചെയ്ത 50,00,000/- ലക്ഷം രൂപ രജിസ്റ്റർ പ്രകാരം വിവിധ തീയതികളിലായി വിതരണം നടത്തിയും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തീയതി രേഖപ്പെടുത്തി ഗുണഭോക്താവ് തുക കൈപ്പറ്റിയത്, പട്ടികജാതി വികസന ഓഫീസർ തീയതി വെച്ച് ഇനിഷ്യൽ ചെയ്തിട്ടുമില്ല. അവശേഷിച്ച 20,000/- രൂപ 04.06.2012 ന് നിലമ്പൂർ സബ്ട്രഷറിയിൽ 196-ാം നമ്പർ ചെലാനായി തിരിച്ചടച്ചിട്ടുണ്ടെന്ന് പറയുന്നുണ്ടെങ്കിലും ചെലാൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.
2. ബിൽ നം. CB/7/12-13 പ്രകാരം 29.06.2012 ന് ട്രഷറിയിൽ നിന്നും തേർച്ച ചെയ്ത 4,20,000/- രൂപ 21 ഗുണഭോക്താക്കൾക്കായി വിവിധ തീയതികളിലായി വിതരണം നടത്തിയത്. വിതരണം സംബന്ധിച്ച് പട്ടികജാതി വികസന ഓഫീസർ തീയതി വെച്ച് ഇനിഷ്യൽ ചെയ്തിട്ടില്ല. അവശേഷിച്ച 20,000/- രൂപ 08.08.2012 ൽ നിലമ്പൂർ സബ് ട്രഷറിയിൽ തിരിച്ചടച്ചിട്ടുണ്ടെന്ന് പറയുന്നുണ്ടെങ്കിലും ചെലാൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
3. താഴെപറയുന്ന വിവിധ ബില്ലുകൾ പ്രകാരം മാറിയ തുകകൾ വിതരണം ചെയ്ത് ഒന്നും തന്നെ പട്ടികജാതി വികസന ഓഫീസർ തീയതി വെച്ച് ഇനിഷ്യൽ ചെയ്തിട്ടില്ല.

   ഉദാ:

   (a) ബിൽ നം. CB/22/12-13 പ്രകാരം 04.09.12 ന് 7 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്ത 1,40,000/- രൂപ

   (b) ബിൽ നം. CB/45/12-13 പ്രകാരം 28.11.12 ന് 6 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്ത 2,40,000/- രൂപ
4. 2010-11 സാമ്പത്തിക വർഷം മുതൽ 2012-13 സാമ്പത്തിക വർഷം വരെ വിവാഹ ധനസഹായം ഇനത്തിൽ ചെലവഴിച്ചതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2010-11 | 26 | 3,40,000/- | 3,40,000/- | Nil |
| 2 | 2011- 12 | 57 | 11,40,000/- | 11,40,000/- | Nil |
| 3 | 2012-13 | 46 | 12,80,000/- | 12,80,000/- | Nil |

B. <u>മിശ്രവിവാഹ ധനസഹായം</u>

2010-11 സാമ്പത്തിക വർഷം മുതൽ 2012-13 സാമ്പത്തിക വർഷം വരെ മിശ്രവിവാഹ ധനസഹായത്തിനായി ചെലവഴിച്ചതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2010-11 | 3 | 90,000/- | 90,000/- | Nil |
| 2 | 2011- 12 | 5 | 2,50,000/- | 2,50,000/- | Nil |
| 3 | 2012-13 | 2 | 1,00,000/- | 1,00,000/- | Nil |

<u>C.ഭൂരഹിത പുനരധിവാസ പദ്ധതി</u>

1. ഗുണഭോക്താക്കൾക്ക് എഗ്രിമെന്റ് വെയ്ക്കാതെയാണ് ആനുകൂല്യം നൽകിയിരിക്കുന്നത്.

2. തുകകൾ കൈപ്പറ്റുമ്പോൾ ഗുണഭോക്താക്കൾ തീയതി രേഖപ്പെടുത്തി അല്ല ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്.

3. വിതരണം ചെയ്ത തുകകൾ ഒന്നും തന്നെ പട്ടികജാതി വികസന ഓഫീസർ തീയതി വെച്ച് ഇനിഷ്യൽ ചെയ്തിട്ടില്ല.

4. ഒരു ബിൽ പ്രകാരം പല തീയതികളിലായി വിതരണം ചെയ്യുമ്പോൾ കൃത്യമായി Abstract എഴുതിയിട്ടില്ല.

5. ആഫീസിൽ സൂക്ഷിച്ചിട്ടുള്ള ആധാരങ്ങൾ നിലവിലെ ചട്ടപ്രകാരം ബന്ധപ്പെട്ടവർക്ക് നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

6. രജിസ്റ്ററിൽ പേജ് നമ്പരിട്ട് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

7. താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ ഫോട്ടോ രജിസ്റ്ററിൽ ഒട്ടിച്ച് വെച്ച് കാണുന്നില്ല.

(a) ലക്ഷ്മി D/o കുഞ്ഞൻ, പെരുമുണ്ട, ചാലിയാർ

(b) തങ്ക, വന്തപ്പറ്റ, ബട്ടലക്കൂട്ടം, എടക്കര.

8. 2012-13 സാമ്പത്തിക വർഷത്തെ ഭൂമി വാങ്ങൽ പദ്ധതി പ്രകാരം ശ്രീമതി.മുങ്ങച്ചി D/o ചാത്തൻ, ഷഞ്ചേരി, തമ്പുരാൻ കുന്ന്, എടക്കര.പി.ഒ എന്ന ഗുണഭോക്താവിന്റെ ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവ പരിസോധിച്ചതിൽ 55 വയസ്സിന് മുകളിൽ പ്രായം ഉള്ളതായി കാണുന്നു. കൂടാതെ ആധാരം രജിസ്റ്റർ ചെയ്തതിൽ ടി യാന്റെ പ്രായം 65 വയസ്സ് എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. 55 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് ഭൂരഹിത ഭവന രഹിത പദ്ധതിയിൽ ഗുണഭോക്താവായി പരിഗണിച്ച് ഭൂമി വാങ്ങൽ ധനസഹായം നൽകാൻ നിലവിലുള്ള ചട്ടം അനുസരിച്ച് അനുവദിക്കാൻ പാടുള്ളതല്ല.

(a) ആധാരത്തിൽ വ്യക്തിയുടെ പ്രായം – 65 ആണ്.

(b) ഇലക്ഷൻ ഐ.ഡി പ്രകാരം വ്യക്തിയുടെ പ്രായം – 64 ആണ്.

(c) റേഷൻ കാർഡ് പ്രകാരം വ്യക്തിയുടെ പ്രായം – 58 ആണ്.

(ആധാരത്തിന്റെ ആദ്യ പേജിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)

9. 2010-11 സാമ്പത്തിക വർഷം മുതൽ 2012-13 വരെ ഭൂമി വാങ്ങി നൽകിയയിനത്തിൽ ചെലവഴിച്ചതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2010-11 | 144 | 1,08,75,000/- | 1,08,75,000/- | Nil |
| 2 | 2011- 12 | 34 | 51,00,000/- | 51,00,000/- | Nil |
| 3 | 2012-13 | 63 | 96,50,000/- | 96,50,000/- | Nil |

10. ബിൽ നമ്പർ, ക്യാഷ് തേർച്ച ചെയ്ത തീയതി, Abstract എന്നിവ എഴുതിയിട്ടില്ല അക്വിറ്റൻസിൽ.

## D. ഭവന നിർമ്മാണ ധനസഹായം

2007-08 സാമ്പത്തിക വർഷം മുതൽ 2013-14 വരെ സ്പിൽ ഓവറായി അവശേഷിക്കുന്ന വീടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ടാർജറ്റ് | ആകെ ഗുണഭോക്താക്കൾ | പൂർത്തിയാക്കാത്ത വീടുകളുടെ സ്റ്റേജ് വിവരം | | | പൂർത്തിയാക്കിയ വീടുകൾ | ഇനിയും പൂർത്തിയാക്കാൻ അവശേഷിക്കുന്ന വീടുകൾ |
|---|---|---|---|---|---|---|---|---|
| | | | | I stage | II stage | III stage | | |
| 1 | 2007-08 | 275 | 275 | 2 | 4 | 9 | 260 | 15 |
| 2 | 2008-09 | 97 | 97 | 3 | 2 | 2 | 90 | 7 |
| 3 | 2009-10 | 100 | 100 | 6 | 3 | 2 | 89 | 11 |
| 4 | 2010-11 | 28 | 28 | -- | 1 | 1 | 26 | 2 |
| 5 | 2011-12 | 18 | 18 | -- | -- | -- | 18 | Nil |
| 6 | 2012-13 | 26 | 26 | -- | -- | 1 | 25 | 1 |
| 7 | 2013-14 | 31 | 31 | -- | 1 | 5 | 25 | 6 |

**E. <u>ടോയ്ലറ്റ് നിർമ്മാണം.</u>**

(a) 2012-13 സാമ്പത്തിക വർഷത്തിൽ 113 ഗുണഭോക്താക്കൾക്കായി ടോയ്ലറ്റ് ഗ്രാന്റ് ഇനത്തിൽ 29,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 118 ഗുണഭോക്താക്കളും, ടോയ്ലറ്റ് പണി പൂർത്തീകരിച്ചിട്ടുണ്ട്.

(b) ക്രമ നം. 16 അച്ചു, ചെട്ടിയളൻ വീട്, കലേമ്പാടം, നിലമ്പൂർ പി.ഒ, ക്രമ നം. 73 കണ്ണൻ S/o കോരൻ, എരമംഗലത്ത്, എടക്കൾ എന്നിവരുടെ ഫോട്ടോകൾ രജിസ്റ്ററിൽ പതിപ്പിച്ചിട്ടില്ല.

**F. <u>ചികിത്സാ ധനസഹായം</u>**

(a) ഗുണഭോക്താക്കൾക്ക് തുക വിതരണം നടത്തിയതിൽ തീയതി രേഖപ്പെടുത്തി പട്ടികജാതി വികസന ഓഫീസർ ഇനിഷ്യൽ ചെയ്തിട്ടില്ല. ചെക്ക് നമ്പരും തീയതിയും കൃത്യമായും രേഖപ്പെടുത്തി കാണുന്നില്ല.

(b) 2011-12 സാമ്പത്തിക വർഷം മുതൽ 2012-13 വർഷം വരെ ചികിത്സാ ധനസഹായം യിനത്തിൽ ചെലവഴിച്ചതിൻെര പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2011-12 | 17 | 1,26,000/- | 1,26,000/- | Nil |
| 2 | 201213 | 62 | 1,19,000/- | 1,19,000/- | Nil |



(c) 2010-11 സാമ്പത്തിക വർഷം ചികിത്സാധനസഹായം വിതരണം ചെയ്തതായി കാണുന്നില്ല.

**G. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം**

സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിനായി 2010-11 സാമ്പത്തിക വർഷം 27,500/- രൂപയും 2011-12 സാമ്പത്തിക വർഷം 40,000/ രൂപയും അനുവദിച്ചതായി കാണുന്നു. എന്നാൽ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

**H. വിജ്ഞാൻവാടി**

നിലമ്പൂർ ബ്ലോക്ക് പട്ടികജാതി വികസന ആഫീസിന് കീഴിൽ ഒരു വിജ്ഞാൻവാടി പോലും ഇല്ലെന്നാണ് അറിയാൻ കഴിയുന്നത്.

**I. സൈക്കിൾ ഗ്രാന്റ്**

2011-12 സാമ്പത്തിക വർഷത്തിൽ 410 വിദ്യാർത്ഥികൾക്കായി സൈക്കിൾ വാങ്ങിയ ഇനത്തിൽ 12,30,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**J. ഒ.ബി.സി ഗ്രാന്റ്**

2011-12 സാമ്പത്തിക വർഷത്തിൽ ഒ.ബി.സി ഗ്രാന്റ് ഇനത്തിൽ 39 സ്കൂളുകൾക്കായി 88,09,800/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**K. പദ്ധതി ആനുകൂല്യ വിതരണ രജിസ്റ്റർ**

1. രജിസ്റ്ററിൽ പേജ് നമ്പർ രേഖപ്പെടുത്തി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ബിൽ നം. CB/39/12-13 പ്രകാരം 19.10.2012 ന് ട്രഷറിയിൽ നിന്നും തേർച്ച ചെയ്ത 17,00,000/- രൂപ 20.10.2012 ൽ 11 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തതായി കാണുന്നു. എന്നാൽ ഈ 11 ഗുണഭോക്താക്കളും ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്തിയതായി കാണുന്നില്ല.

3. ബിൽ നമ്പർ CB/44/12-13 പ്രകാരം 28.11.2012 ന് മാറിയ 5,00,000/- രൂപ 28.11.2012 ന് തന്നെ അബ്ദുൾ ഗഫൂർ എന്നയാൾക്ക് വിതരണം ചെയ്തതായി കാണുന്നു. 1,75,000/- രൂപ വീതം 2 പേർക്ക് ഭൂമി നൽകിയ വകയിലാണ് ടി തുക മാറി നൽകിയിട്ടുള്ളത്. ടി തുക എഴുതിയതിൽ തിരുത്തലുകൾ വന്നിട്ടുണ്ട്. തുക എഴുതുമ്പോൾ തിരുത്തലുകൾ പാടില്ലാത്തതാണ്. തെറ്റായ രീതിയിൽ പണം ഇടപാടുകൾ നടത്തിയത് ഗുരുതരമായ വീഴ്ചയായി കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

4. താഴെ പറയുന്ന ബിൽ പ്രകാരം തുക വിതരണം ചെയ്തതായി കാണുന്നു. എന്നാൽ തുക വിവിധ തീയതികളാലായിട്ടാണ് നൽകിയിട്ടുള്ളത്. എന്നാൽ പട്ടികജാതി വികസന ഓഫീസർ Abstract എഴുതി രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

| ക്രമ നം. | ബിൽ നമ്പർ | തീയതി | തുക |
|---|---|---|---|
| a | CB/43/12-13 | 19.11.2012 | 6,00,000/- |
| b | CB/44/12-13 | 28.11.2012 | 5,00,000/- |
| c | CB/47/12-13 | 28.12.2012 | 12,25,000/- |
| d | CB/52/12-13 | 04.01.2013 | 3,00,000/- |
| e | CB/56/12-13 | 21.02.2013 | 16,50,000/- |
| f | CB/63/12-13 | 15.12.2013 | 9,00,000/- |
| g | CB/67/12-13 | 08.03.2013 | 3,25,000/- |
| h | CB/74/12-13 | 22.03.2013 | 3,00,000/- |
| i | CB/81/12-13 | 27.03.2013 | 3,00,000/- |
| j | CB/85/12-13 | 30.03.2013 | 1,50,000/- |

## പൊതു അഭിപ്രായം

ആഫീസ് പ്രവർത്തനം പൊതുവേ തൃപ്തികരമാണ്. 2010-11 സാമ്പത്തിക വർഷം മുതൽ 2012-13 സാമ്പത്തിക വർഷം വരെ നടപ്പിലാക്കിയിട്ടുള്ള മുഴുവൻ (സാമ്പത്തിക ചെലവ് വന്നിട്ടുള്ള) പദ്ധതികളുടെയും വിനിയോഗ സാക്ഷ്യപത്രം അക്കൗണ്ടന്റ് ജനറലിന് അയച്ച് കൊടുക്കേണ്ടതും, പകർപ്പ് ജില്ലാ പട്ടികജാതി വികസന ആഫീസർക്കും അയച്ച് കൊടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആഫീസിന്റെ ഹാജർ പുസ്തകം എടുത്ത് കൊണ്ടുപോവുകയും അദ്ദേഹത്തിന്റെ കസ്റ്റഡിയിൽ സൂക്ഷിച്ചതുകൊണ്ട് നിലവിലെ സ്റ്റാമ്പുകളുടെ ഹാജർ രേഖപ്പെടുത്തുന്നതിന് തടസ്സം സൃഷ്ടിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഇത് നിലവിലെ ചട്ടവിരുദ്ധമാണ്. കൂടാതെ 2017 ഏപ്രൽ മാസം ആഫീസിന്റെ മുൻ ചുമതല വഹിച്ച ശ്രീ.രാജീവ്.വി മെഡിക്കൽ ലീവ് എടുത്ത സാഹചര്യത്തിൽ അദ്ദേഹത്തിന്റെ ഹാജർ 1-ാം തീയതി മുതൽ 29-ാം തീയതി വരെ ഏകദേശം ഒരു മാസം ചട്ടവിരുദ്ധമായി absent മാർക്ക് ചെയ്തിരിക്കുന്നു. ഇക്കാര്യത്തിൽ ആഡിറ്റ് സമയത്ത് ശ്രദ്ധയിൽപ്പെട്ട വിവരങ്ങളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. (ഹാജർ പുസ്തകത്തിന്റെ കോപ്പി, പ്രസി. ഹാജർ പുസ്തം കൊണ്ടുപോയതിന്റെ കൈപ്പറ്റ് രസീത്, പട്ടികജാതി വികസന ഓഫീസറുടെ റിപ്പോർട്ട്).

റിപ്പോർട്ട് മേൽക്കാഴ്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

(ഒപ്പ്)

ഡയറക്ടർക്കുവേണ്ടി
സീനിയർ ഫിനാൻസ് ഓഫീസർ

SU 01.03.2018